കവർസ്റ്റോറി

◆

അശ്റഫ് കീഴുപറമ്പ്

# തുർക്കിയിൽ കമാലിസത്തിന് അന്ത്യം കുറിക്കുമോ?

**ജൂലൈ 22-ന്** നടക്കുന്ന തുർക്കി പാർലമെന്റ് തെരഞ്ഞെടുപ്പിന്റെ പ്രചാരണപ്രവർത്തനങ്ങൾ മൂന്നാഴ്ച പിന്നിട്ടെങ്കിലും ചിത്രം ഇപ്പോഴും അവ്യക്തമാണ്. രാഷ്ട്രീയ പാർട്ടികളുടെ മുന്നണികളോ പരസ്പര ധാരണകളോ ഇനിയും രൂപപ്പെട്ടിട്ടില്ല. ഇസ്‌ലാമികാഭിമുഖ്യമുള്ള ഗ്രേറ്റ് യൂനിയൻ പാർട്ടി തെരഞ്ഞെടുപ്പ് ബഹിഷ്കരിച്ചതാണ് ഒടുവിലത്തെ സംഭവവികാസം. നജ്മുദ്ദീൻ അർബകാന്റെ സആദ പാർട്ടിയുമായി അവർ ഒരു ധാരണയിൽ എത്തിയതായിരുന്നു. യൂനിയൻ പാർട്ടിയുടെ പിൻവാങ്ങൽ സആദയുടെ വിജയസാധ്യതകളെ പ്രതികൂലമായി ബാധിക്കും. ഈ നിലയിൽ നന്നെ കവിഞ്ഞാൽ സആദക്ക് രണ്ട് ശതമാനം വോട്ടേ നേടാനാവൂ. ഇത്തവണയും അവരുടെ പാർലമെന്റ് പ്രവേശം ഏറക്കുറെ അസാധ്യമാണെന്നർഥം.

റിപ്പബ്ലിക്കൻ പീപ്പ്ൾസ് പാർട്ടി, സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടി തുടങ്ങിയ പ്രതിപക്ഷ കക്ഷികളുടെയും നില ഒട്ടും ആശാവഹമല്ല. ജനപിന്തുണയിൽ അവർ വീണ്ടും പിന്നാക്കം പോയതായി ഒടുവിലത്തെ അഭിപ്രായ സർവേകൾ തെളിയിക്കുന്നു. സൈന്യത്തെയും കോടതിയെയും കൂട്ടുപിടിച്ച്, ജസ്റ്റിസ് ആന്റ് ഡെവലപ്മെന്റ് പാർട്ടി (Adalet ve kalkinma partisi-എ.കെ പാർട്ടി) സ്ഥാനാർഥി അബ്ദുല്ല ഗുൽ വിജയിക്കുമായിരുന്ന പ്രസിഡന്റ് തെരഞ്ഞെടുപ്പ് ലജ്ജാകരമായ രീതിയിൽ അട്ടിമറിച്ചതാണ് അവർക്ക് വിനയായത്. അതിന്റെ ഗുണഭോക്താക്കളായതും ഉർദുഗാൻ നയിക്കുന്ന എ.കെ പാർട്ടി തന്നെ. എ.കെ പാർട്ടിക്ക് 35 മുതൽ 40 ശതമാനം വരെ വോട്ടുകൾ ലഭിക്കുമെന്നാണ് അഭിപ്രായ സർവേ.

2001 ആഗസ്റ്റ് 14-ന് രൂപീകരിക്കപ്പെട്ടതു മുതൽ ഇന്നോളമുള്ള എല്ലാ തെരഞ്ഞെടുപ്പുകളിലും എ.കെ പാർട്ടി നില മെച്ചപ്പെടുത്തിയിട്ടുണ്ട്. 550 അംഗ പാർലമെന്റിൽ അവർക്ക് 353 സീറ്റുണ്ടായിരുന്നു. മൂന്നിൽ രണ്ടിനോടടുത്ത് ഭൂരിപക്ഷം. 2004-ലെ തദ്ദേശ സ്ഥാപനങ്ങളിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ അവർ 34 ശതമാനം വോട്ട് നേടി. വരാൻ പോകുന്ന തെരഞ്ഞെടുപ്പിൽ ക്രിസ്ത്യാനികളായ അർമേനിയൻ ന്യൂനപക്ഷം വരെ ഉർദുഗാനെ പിന്തുണക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.



*അത്താതുർക്ക്*

### കമാലിസം എന്ന കടമ്പ

രാഷ്ട്രീയ കാലാവസ്ഥ എത്രയൊക്കെ അനുകൂലമാണെങ്കിലും എ.കെ പാർട്ടിക്ക് അടുത്ത തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ കഴിയുമെന്നതിനോ കഴിഞ്ഞാൽ തന്നെ ഗവൺമെന്റ് രൂപീകരിക്കാൻ കഴിയുമെന്നതിനോ യാതൊരു ഉറപ്പുമില്ല. മതവിരുദ്ധതയിൽ ഊട്ടിയുറപ്പിക്കപ്പെട്ട കമാലിസമാണ് പ്രധാന വില്ലൻ. രാഷ്ട്രപിതാവായി അറിയപ്പെടുന്ന കമാൽ അത്താതുർക്കിന്റെ മതവിരുദ്ധ

ആശയങ്ങളെ ടർക്കിഷ് ജനത ഭൂരിഭാഗവും കൈയൊഴിച്ചെങ്കിലും സൈന്യം, കോടതി പോലുള്ള മർമപ്രധാനമായ അധികാരകേന്ദ്രങ്ങളിൽ സ്റ്റാലിനിസം പോലെ ഇത് പിടിമുറുക്കി നിൽക്കുകയാണ്. പാർലമെന്റിൽ ഏറക്കുറെ മൂന്നിൽ രണ്ട് ഭൂരിപക്ഷമുള്ള എ.കെ പാർട്ടി അബ്ദുല്ലാ ഗുലിനെ പ്രസിഡന്റ് സ്ഥാനാർഥിയാക്കിയപ്പോൾ കമാലിസത്തിന്റെ ഭീകരമുഖം ഒരിക്കൽകൂടി ലോകം കണ്ടു. സൈന്യവും കോടതിയും മതവിരുദ്ധരായ പ്രതിപക്ഷ കക്ഷികളും ഒത്തുകളിച്ച് പ്രസിഡന്റ് തെരഞ്ഞെടുപ്പുതന്നെ ദുർബലപ്പെടുത്തി.

പാർലമെന്റ് തെരഞ്ഞെടുപ്പിൽ 35 ശതമാനം വോട്ട് നേടിയാൽ പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ ഉന്നയിക്കപ്പെട്ട സാങ്കേതികപ്രശ്നം മറികടക്കാനാവുമെന്നും എ.കെ പാർട്ടിക്ക് തങ്ങളുടെ സ്ഥാനാർഥിയെ തുർക്കിയുടെ പ്രസിഡന്റാക്കാമെന്നുമാണ് നിയമവിദഗ്ധർ പറയുന്നത്. നിലവിലുള്ള പ്രവണതയനുസരിച്ച് എ.കെ പാർട്ടിക്ക് എത്തിപ്പിടിക്കാവുന്ന അകലത്തിലുമാണത്. പക്ഷേ, സൈന്യം സമ്മതിക്കുമോ? എ.കെ പാർട്ടി ജയിച്ചുകയറുമെന്ന് ഉറപ്പായ സ്ഥിതിക്ക് സൈനിക തലവന്മാർ ഇപ്പോൾതന്നെ തന്ത്രങ്ങൾ മെനഞ്ഞിട്ടുണ്ടാവണം. തെരഞ്ഞെടുപ്പ് നടക്കുന്നതിന് മുമ്പുതന്നെ എ.കെ പാർട്ടിയെ നിരോധിക്കാനുള്ള സാധ്യത തള്ളിക്കളയാനാവില്ല. നജ്മുദ്ദീൻ അർബകാൻ പല പേരുകളിൽ പാർട്ടിയുണ്ടാക്കിയപ്പോഴൊക്കെ അവയെ നിരോധിക്കുകയും പിരിച്ചുവിടുകയുമായിരുന്നു സൈന്യം. ഇന്നും തെരഞ്ഞെടുപ്പ് പ്രചാരണത്തിനിറങ്ങുന്നതിനും മത്സരിക്കുന്നതിനും അർബകാന് വിലക്കുണ്ട്. എ.കെ പാർട്ടിയെയും കാത്തിരിക്കുന്നത് അതേ വിധിതന്നെയാകുമോ?

സൈനിക അട്ടിമറിയാണ് രണ്ടാമതൊരു സാധ്യത. ജനാധിപത്യത്തെ ചോരയിൽ മുക്കിക്കൊന്നതിന് കമാലിസ്റ്റ് തുർക്കിയിൽ വേണ്ടത്ര ഉദാഹരണങ്ങളുണ്ട്. 1980-ലും ഇപ്പോഴത്തേതിന് സമാനമായ ഒരു പ്രതിസന്ധി ഉണ്ടായി. പാർലമെന്റിന് പ്രസിഡന്റിനെ തെരഞ്ഞെടുക്കാനായില്ല. ഉടൻ സൈന്യം ജനാധിപത്യ ഭരണക്രമം ഇല്ലായ്മ ചെയ്ത് അധികാരം പിടിച്ചെടുത്തു. 1950-ൽ ബഹുകക്ഷി ജനാധിപത്യം സ്ഥാപിച്ചതിനു ശേഷം മൂന്നാം തവണയായിരുന്നു സൈന്യത്തിന്റെ ഈ പ്രത്യക്ഷ ഇടപെടൽ. ഇത്തവണയും അങ്ങനെയൊരു സൈനിക അട്ടിമറി തന്നെയാണ് പ്രതീക്ഷിച്ചിരുന്നത്. മതബോധമുള്ളവരെ പ്രസിഡന്റിന്റെ ഭവനത്തിൽ കാലുകുത്താൻ അനുവദിക്കില്ല എന്ന മട്ടിലുള്ള പട്ടാള മേധാവികളുടെ ധിക്കാരം നിറഞ്ഞ പ്രസ്താവനകളിൽ ആസന്നമായ ഒരു അട്ടിമറി വായിച്ചെടുക്കാമായിരുന്നു. തെരഞ്ഞെടുപ്പ് പ്രക്രിയയിൽനിന്ന് സൈന്യം വിട്ടുനിൽക്കണമെന്ന യൂറോപ്യൻ യൂനിയന്റെ താക്കീതായിരിക്കാം പട്ടാള മേധാവികളെ തൽക്കാലത്തേക്കെങ്കിലും പിന്തിരിപ്പിച്ചത്.

സൈന്യവും എ.കെ പാർട്ടിയും തമ്മിൽ ഒരു ശീതസമരമാണ് നടക്കുന്നത്. തുർക്കി പരമാധികാര ജനാധിപത്യ റിപ്പബ്ലിക്കാണെങ്കിലും യഥാർഥ അധികാരം ഇപ്പോഴും സൈന്യത്തിന്റെ കൈയിലാണ്. സൈന്യത്തിന്റെ ഇംഗിതത്തിനൊത്ത് ഭരിക്കുക എന്നതാണ് രാഷ്ട്രീയ പാർട്ടികൾക്കും ജനപ്രതിനിധികൾക്കും ചെയ്യാനുള്ളത്. മുസ്‌ലിംലോകവുമായി അടുത്ത ബന്ധം പുലർത്തിയതിന്റെ പേരിൽ അർബകാൻ ഭരണകൂടത്തെ സൈന്യം പിരിച്ചുവിടുകയായിരുന്നു. ഇസ്‌ലാമിസ്റ്റ് പശ്ചാത്തലമുള്ള തങ്ങളുടെയും ഗതി ഇതായിരിക്കുമെന്ന് നല്ല ബോധ്യമുള്ള എ.കെ പാർട്ടിക്ക് തുടക്കത്തിലേ സൈന്യത്തിന് കൂച്ചുവിലങ്ങിടാനുള്ള ഒരു ഹിഡൻ അജണ്ട ഉണ്ടായിരുന്നു. അബ്ദുല്ലാ ഗുലിനെ പ്രസിഡന്റ് സ്ഥാനാർഥിയാക്കിയതിന്റെ പിന്നിൽ അങ്ങനെയൊരു ലക്ഷ്യം കൂടിയുണ്ട്. ചില മർമപ്രധാന സ്ഥാനങ്ങളിൽനിന്ന് പട്ടാളമേധാവികളെ മാറ്റി സിവിലിയന്മാരെ നിയമിക്കാനും ഉർദുഗാൻഭരണകൂടത്തിന് സാധിക്കുകയുണ്ടായി. സൈന്യത്തിന് അമിതാധികാരം നൽകുന്ന ചട്ടങ്ങൾ പരിഷ്കരിക്കണം എന്നതാണ് തെരഞ്ഞെടുപ്പ് പ്രചാരണങ്ങളിൽ എ.കെ പാർട്ടി ഉയർത്തുന്ന ഒരു മുഖ്യ വിഷയം. പ്രസിഡന്റിനെ ജനങ്ങൾ നേരിട്ട് തെരഞ്ഞെടുക്കണം എന്നൊരു ഭരണചട്ട പരിഷ്കരണം എ.കെ പാർട്ടി മുന്നോട്ടുവെക്കുന്നത് സൈന്യത്തിന്റെ ഇടപെടൽ ഒഴിവാക്കുക എന്ന ഉദ്ദേശ്യത്തോടെയാണ്.

### യൂറോപ്യൻ യൂനിയനിൽ പ്രവേശിക്കാനാവുമോ?

തുർക്കി യൂറോപ്യൻ യൂനിയന്റെ പടിവാതിൽക്കൽ നിൽക്കുകയാണെന്നും യൂനിയൻ അംഗത്വം ഇനി സമയത്തിന്റെ മാത്രം പ്രശ്നമാണെന്നുമാണ് എ.കെ പാർട്ടിയുടെ പ്രചാരണം. മുഖ്യ ഭരണനേട്ടങ്ങളിലൊന്നായി അതിനെ എണ്ണുകയും ചെയ്യുന്നു. ഉർദുഗാൻ ഭരണത്തിൽ യൂറോപ്യൻ നേതാക്കളുമായും അമേരിക്കയുമായി പോലും (ഇറാഖ് പ്രശ്നത്തിൽ) നല്ല ബന്ധമുണ്ടാക്കാൻ വിദേശകാര്യ മന്ത്രി അബ്ദുല്ലാ ഗുലിന് സാധിച്ചുവെന്നത് ശരിയാണ്. പട്ടാള അട്ടിമറിയിൽനിന്ന് അവരുടെ ഭരണത്തെ രക്ഷിച്ചതും ഒരുപക്ഷേ ഈ ബന്ധമായിരിക്കാം. പക്ഷേ, അത്ര എളുപ്പമാണോ തുർക്കിയുടെ യൂറോപ്യൻ യൂനിയൻ പ്രവേശം?

അല്ല എന്നതിന് ഇതുസംബന്ധമായി വന്ന എല്ലാ യൂറോപ്യൻ നേതാക്കളുടെയും പ്രസ്താവനകൾ തെളിവാണ്. നയതന്ത്രത്തിന്റെ സൗമ്യഭാഷയിൽ തുർക്കിയെ യൂറോപ്യൻ യൂനിയനിൽ അംഗമാക്കാൻ സാധ്യമല്ല എന്നാണ് അവർ പറഞ്ഞുകൊണ്ടിരിക്കുന്നത്. തുർക്കിക്കാരല്ലാത്തവർക്കൊക്കെ അത് മനസ്സിലാകുന്നുമുണ്ട്. 2002-ലാണ് തുർക്കിയുടെ യൂനിയൻ പ്രവേശം സംബന്ധിച്ച ചർച്ച ആരംഭിച്ചത്. യൂറോപ്യൻ ഭരണഘടനാ സമിതിയുടെ അധ്യക്ഷൻ ഗസ്കാർ ദസ്താൻ അന്നേ പറഞ്ഞു, തുർക്കി വന്നാൽ യൂറോപ്യൻ യൂനിയൻ ഇല്ലാതാകുമെന്ന്. ജർമൻ ചാൻസലർ ആഞ്ജലാ മെർക്കർ മറ്റൊരു നിർദേശം മുന്നോട്ടുവെച്ചു; തുർക്കിക്ക് വേണമെങ്കിൽ പ്രത്യേക ഇരിപ്പിടം തരാം, അംഗത്വം തരില്ല. 'കാരണം യൂറോപ്യൻ മൂല്യങ്ങൾ ഉൾക്കൊണ്ട സമൂഹത്തിന്റെ ഭാഗമല്ല തുർക്കി'. ഇപ്പോഴത്തെ ഫ്രഞ്ച് പ്രസിഡന്റ് സർക്കോസി കാര്യം പച്ചയായി പറഞ്ഞു; തുർക്കി 'ഇസ്‌ലാമികം' ആയിരിക്കുന്നേടത്തോളം കാലം അംഗത്വം കിട്ടുമെന്ന് കരുതേണ്ട.

സൈപ്രസ് പ്രശ്നം, 'അർമേനിയൻ ക്രിസ്ത്യാനികളുടെ ഉന്മൂലനം', സൈനിക നേതൃത്വത്തിന്റെ ഏകാധിപത്യം തുടങ്ങിയ കാര്യങ്ങളാണ് അംഗത്വത്തിന് വിഘാതമായി സാധാരണ ചൂണ്ടിക്കാട്ടാറുള്ളത്. ഈ പ്രശ്നങ്ങളിൽ പരിഹാരങ്ങൾ കണ്ടെത്താനല്ല, അവ ഊതിക്കത്തിക്കാനാണ് യൂറോപ്യൻ നേതാക്കളുടെ ശ്രമമെന്നതും കാണാതിരുന്നുകൂടാ. അതിൽനിന്ന് ഊഹിക്കാം അവരുടെ ഉദ്ദേശ്യശുദ്ധി. തുർക്കിയിലെ ന്യൂനപക്ഷമായ അർമേനിയൻ ക്രിസ്ത്യാനികൾക്കെതിരെ 1915-ൽ കലാപം നടന്നുവെന്നതും ധാരാളം പേർ അതിൽ വധിക്കപ്പെട്ടുവെന്നതും ശരിയാണ്. പക്ഷേ, 'ഉന്മൂലനം' എന്ന പദമേ യൂറോപ്പിൽ ഉപയോഗിക്കൂ. തുർക്കിയിൽ ആ വിഷയം ചർച്ച ചെയ്യുന്നതു തന്നെ സൈനികനേതൃത്വം കുറ്റകൃത്യമായി പ്രഖ്യാപിച്ചതിനാൽ യൂറോപ്യർ അക്കാര്യം തന്നെ സകല അജണ്ടകളിലും എഴുതിച്ചേർക്കുകയാണ്. ഫ്രാൻസിൽ നിലവിൽവന്ന പുതിയൊരു നിയമമനുസരിച്ച്, തുർക്കിയിൽ 'അർമേനിയൻ ഉന്മൂലനം' നടന്നില്ല എന്ന് പറയുന്നതും കുറ്റകൃത്യമാണ്! 1915-ൽ നടന്നത് എന്ത് എന്ന് സത്യസന്ധമായി അന്വേഷിക്കാൻ ഇരുകൂട്ടർക്കും താൽപര്യമില്ല എന്നർഥം.

ഈ രാഷ്ട്രീയ പശ്ചാത്തലത്തിൽ വേണം ഒർഹാൻ പാമുക്കിന് സാഹിത്യത്തിനുള്ള നോബൽ സമ്മാനം നൽകി

യതിനെ വിലയിരുത്താനെന്ന് അറബ് രാഷ്ട്രീയ നിരീക്ഷകനായ നസീൽ ശബീബ് (ഇസ്‌ലാം ഓൺലൈൻ നെറ്റ്-അറബി) എഴുതുന്നു. പാമുക്ക് നോബൽ സമ്മാനം അർഹിക്കുന്നു എന്ന കാര്യത്തിൽ തർക്കമില്ല. പക്ഷേ ക്രിസ്തുമതക്കാരനായ ഇദ്ദേഹം തുർക്കിയിലെ ഭരണത്തെയും സംസ്കാരത്തെയും ഒരേപോലെ വിമർശിക്കുന്നു എന്നതാണ് പുരസ്കാരലബ്ധിയുടെ പ്രാധാന്യം വർധിപ്പിക്കുന്നത്. ഏകാധിപത്യ വിമർശനം മാത്രമല്ല പാമുക്കിന്റെ പ്രമേയം. ന്യൂനപക്ഷങ്ങളുടെ അവകാശങ്ങളെക്കുറിച്ചും അദ്ദേഹം ധാരാളമായി എഴുതുന്നു. 'അർമേനിയൻ ഉന്മൂലന'വും ഇടക്ക് അദ്ദേഹം വിവാദമാക്കുകയുണ്ടായല്ലോ. ഇസ്‌ലാമികാഭിമുഖ്യത്തിനെതിരെയാണ് മറ്റൊരു കുന്തമുന. *ദ സ്നോ* എന്ന കൃതിയിൽ 'പർദക്കുള്ളിൽ വീർപ്പുമുട്ടുന്ന സ്ത്രീകളുടെ കദനകഥകൾ' കടന്നുവരുന്നത് യാദൃഛികമല്ല. എല്ലാ അർഥത്തിലുമുള്ള ഒരു പ്രതിപക്ഷമാണ് പാമുക്കിൽ യൂറോപ്യർ കാണുന്നത്. 'തുർക്കിയിൽ യൂറോപ്പിന്റെ ശബ്ദം', 'തുർക്കിയിൽ യൂറോപ്യൻ മൂല്യങ്ങളുടെ പ്രചാരകൻ' എന്നീ വിശേഷണങ്ങൾ അവർ ചാർത്തിക്കൊടുക്കുന്നതിൽ കൃത്യമായ രാഷ്ട്രീയമുണ്ട്.

ഇതെല്ലാം നൽകുന്ന സൂചന ഇസ്‌ലാമിക മൂല്യങ്ങൾ കൈയൊഴിക്കാതെ തുർക്കിക്ക് യൂറോപ്യൻ യൂനിയനിൽ അംഗത്വം നൽകില്ല എന്നുതന്നെയാണ്. ഇതൊന്നും മനസ്സിലാക്കാതെയാവില്ലല്ലോ ഇക്കാര്യത്തിൽ എ.കെ പാർട്ടി കൊണ്ടുപിടിക്കുന്നത്. അത് മറ്റൊരു രാഷ്ട്രീയ അടവാണെന്ന് സംസാരമുണ്ട്. അംഗത്വ ചർച്ചയുടെ പേരിൽ യൂറോപ്യൻ നാടുകളുമായി അടുത്ത ബന്ധം സ്ഥാപിക്കുകയും ആ ബലത്തിൽ തുർക്കിയിലെ സൈനിക നേതൃത്വത്തെ കടിഞ്ഞാണിട്ട് നിർത്തുകയും ചെയ്യുക. യൂറോപ്യൻ യൂനിയൻ അംഗത്വമെന്നത് അസാധ്യമാണെന്ന് അനുഭവങ്ങളിലൂടെ തുർക്കി ജനതയെ ബോധ്യപ്പെടുത്തുക എന്നൊരു തന്ത്രവും ഇതിനു പിന്നിലുണ്ടായേക്കാം. പരമാവധി ശ്രമിച്ചു, എന്നിട്ടും അംഗത്വം കിട്ടാത്ത സ്ഥിതിക്ക് ഇനി മുസ്‌ലിംലോകവുമായി സഹകരണം മെച്ചപ്പെടുത്തുകയേ നിർവാഹമുള്ളൂ എന്നൊരു നിലപാടിലേക്ക് ജനങ്ങളെയും ഭരണകേന്ദ്രങ്ങളെയും കൊണ്ടുവരാൻ അതുവഴി സാധിച്ചേക്കും.

ഇപ്പോൾതന്നെ 55 ശതമാനം പേർ മാത്രമാണ് യൂറോപ്യൻ യൂനിയനിൽ ചേരണമെന്ന് അഭിപ്രായമുള്ളവർ. തൊട്ടുമുമ്പ് അത് 70 ശതമാനം ആയിരുന്നു. ചില കിഴക്കൻ യൂറോപ്യൻ രാജ്യങ്ങൾക്ക് പെട്ടെന്ന് അംഗത്വം നൽകിയതും തുർക്കിയുടെ കാര്യത്തിൽ പുതിയ കുറേ കീറാമുട്ടികൾ വലിച്ചിട്ടതും വലിയൊരു വിഭാഗത്തെ പ്രകോപിപ്പിച്ചു എന്ന് വ്യക്തം.

## മാറുന്ന മുഖം

ഇസ്‌ലാമിക ചിഹ്നങ്ങളെ ഒരു നിലക്കും പൊറുപ്പിക്കില്ലെന്ന ശാഠ്യബുദ്ധിക്കാണ് കമാലിസം എന്നു പറയുന്നത്. ബാങ്ക് വിളിക്കുന്നതും നമസ്കരിക്കുന്നതും ഹിജാബ് ധരിക്കുന്നതുമെല്ലാം കുറ്റകൃത്യങ്ങളാകുന്നത് അതുകൊണ്ടാണ്. ഈ മതവിരുദ്ധനിയമങ്ങൾ കർശനമായി നടപ്പാക്കിവരുന്നുമുണ്ട്. എന്നിട്ടും മതാഭിമുഖ്യമുള്ളവരുടെ എണ്ണം തുർക്കിയിൽ സകല തുറകളിലും വർധിച്ചുവരികയാണ്. തുറുങ്കിലടക്കപ്പെടുമെന്നും പഠനം, തൊഴിൽ തുടങ്ങിയ മൗലികാവകാശങ്ങൾ നിഷേധിക്കപ്പെടുമെന്നും ഉറപ്പുണ്ടായിട്ടും തുർക്കിയിലെ 70 ശതമാനം സ്ത്രീകളും ഇന്ന് ഹിജാബ് ധരിക്കുന്നു. ഹിജാബ് സമൂഹത്തിൽ അടിമുടി ഉണ്ടായിക്കൊണ്ടിരിക്കുന്ന ഒരു മൗലികമാറ്റത്തിന്റെ പ്രതീകമാണ്. കമാലിസത്തിന്റെ ഏകാധിപത്യ കോട്ടകൾക്ക് എത്രകാലം ഈ മാറ്റത്തെ തടുത്തുനിർത്താനാവും? ■